I ഇ.ബി. XV- കേരള നിയമസഭ/V-14

## പതിനഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2022 ജൂലൈ 20, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. ചിറ്റയം ഗോപകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

39(*391) വിനോദ സഞ്ചാര മേഖലയിലെ സ്വകാര്യ പങ്കാളിത്തം

പൊതുമരാമത്ത്- വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് വിനോദ സഞ്ചാര മേഖലയിൽ സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കാൻ കാരവൻ ടൂറിസമുൾപ്പെടെ വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നതായി സഭയെ അറിയിച്ചു. വിനോദസഞ്ചാര കേന്ദ്രങ്ങളിലെ അടിസ്ഥാനസൗകര്യ വികസന പദ്ധതികളുടെ നടത്തിപ്പിലും ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പാക്കുന്ന സംരംഭക വികസന പ്രവർത്തനങ്ങളിലും

കേരളാ ടൂറിസം മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിലും സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്. ചടയമംഗലം ജടായു ടൂറിസം പദ്ധതി, കോവളം, ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജുകൾ എന്നിവ പൊതു-സ്വകാര്യ പങ്കാളിത്ത മോഡലിൽ നടപ്പിലാക്കുന്ന പദ്ധതികളാണ്. കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയുടെ കീഴിൽ 10 സ്വകാര്യ അഡ്വഞ്ചർ ആക്ടിവിറ്റി പ്രൊവൈഡേഴ്സ് പ്രവർത്തിച്ചുവരുന്നതായും വിനോദസഞ്ചാര മേഖലയിൽ സ്വകാര്യ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി ഇൻവെസ്റ്റ്മെന്റ്/ ഇലക്ട്രിസിറ്റി സബ്സിഡി ടൂറിസം മേഖലയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടെന്നും സ്വകാര്യ പൈതൃക വീടുകളെ സംരക്ഷിച്ച് വിനോദസഞ്ചാരികൾക്ക് താമസസൗകര്യമൊരുക്കുന്നതിന് 'ഗൃഹസ്ഥലി' പദ്ധതി നടപ്പാക്കിവരുന്നതായും മന്ത്രി വ്യക്തമാക്കി. ബേക്കൽ റിസോർട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ വെബ്സൈറ്റിന്റെ ഭാഗമായി 'മൈക്രോ സൈറ്റ് ' ആവിഷ്കരിച്ച് നിക്ഷേപകർക്കാവശ്യമായ മാർഗ്ഗനിർദേശങ്ങളും പരിശീലനവും നൽകിവരുന്നുണ്ട്. ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായ സാഹചര്യത്തിൽ മലബാർ ടൂറിസം മേഖലയിൽ മെച്ചപ്പെട്ട താമസസൗകര്യമൊരുക്കുന്നതിനായി ഹോട്ടലുകളുടെയും ഹോംസ്റ്റേകളുടെയും എണ്ണം വർദ്ധിപ്പിക്കാൻ നടപടി

സ്വീകരിക്കുമെന്നും കൃഷി, മത്സ്യബന്ധനം, ഗതാഗതം, വിദ്യാഭ്യാസം, അടിസ്ഥാനസൗകര്യ വികസനം, സഹകരണം തുടങ്ങിയ മേഖലകളെ കോർത്തിണക്കി സമ്പദ് വ്യവസ്ഥയുടെ തിരിച്ചുവരവിന് സഹായകരമായ നിലയിൽ ടൂറിസം പദ്ധതികൾ ആസൂത്രണം ചെയ്യുമെന്നും കോൺഷ്യസ് ടൂറിസത്തിന്റെ പ്രധാന കേന്ദ്രമായി കേരളത്തെ മാറ്റാൻ ശ്രമിക്കുമെന്നും അറിയിച്ചു. തദ്ദേശസ്വയംഭരണ വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കുന്ന ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൽ ആദ്യഘട്ടമായി 50 കോടി രൂപ ചെലവഴിക്കുകയും ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളെ ബന്ധിപ്പിച്ച് പ്രത്യേക ടൂറിസം സർക്യൂട്ടുകൾ, ജലഗതാഗത പാതകൾ, ബേക്കൽ എയർ സ്ട്രിപ്പ്, ഹെലി ടൂറിസം എന്നിവയുടെ സാധ്യതകൾ പരിശോധിക്കുകയും ചെയ്യും. കോഴിക്കോട് ജില്ലയിൽ കനാൽ സിറ്റി പദ്ധതി നടപ്പാക്കുമെന്നും കാപ്പാട് മേഖലയിൽ ടൂറിസം വികസനത്തിന് പ്രത്യേക പരിഗണ നൽകുമെന്നും തെന്മല ഇക്കോ ടൂറിസം പദ്ധതി വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും കോട്ടയം ജില്ലയിലെ അരുവിക്കുഴി ടൂറിസം പ്രോജക്ടിന്റെ പൂർത്തീകരണവും ചെങ്ങന്നൂരിന്റെ ടൂറിസം സാധ്യതകളും പരിശോധിക്കുമെന്നും വനംവകുപ്പുമായി ആലോചിച്ച് വനത്തിലൂടെയുള്ള ട്രക്കിംഗ് സാധ്യതകൾ സംബന്ധിച്ച് പരിശോധിക്കുമെന്നും പ്രാദേശിക

വള്ളംകളികൾ പ്രോത്സാഹിപ്പിക്കുമെന്നും ചാമ്പ്യൻസ് ബോട്ട് ലീഗിൽ ചാലിയാറിനെ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

40(*392) <u>തൊഴിൽരംഗത്ത് സ്ത്രീകൾക്കെതിരെയുള്ള ചൂഷണം തടയാൻ നടപടി</u>

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) നൽകിയ മറുപടിയിൽ, തൊഴിലിടങ്ങളിൽ സ്ത്രീ തൊഴിലാളികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ അറിയിക്കുന്നതിനായി അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് 'സഹജ' ടോൾ ഫ്രീ കോൾസെന്റർ സംവിധാനം സംസ്ഥാന തൊഴിൽ വകുപ്പ് സജ്ജീകരിച്ചിട്ടുണ്ടെന്നും പരാതിക്കാരുടെ ഐഡന്റിറ്റി വെളിവാക്കാതെ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കടകളുടെയും വാണിജ്യ സ്ഥാപനങ്ങളുടെയും ഗ്രേഡിംഗിൽ സ്ത്രീ സൗഹൃദ അന്തരീക്ഷം മാനദണ്ഡമാക്കുകയും തൊഴിൽ സ്ഥാപനങ്ങളിൽ ജീവനക്കാർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുകയും ഇരിപ്പിടം അവകാശമാക്കുകയും ചെയ്തിട്ടുണ്ട്. സ്ത്രീ തൊഴിലാളികളെ രാത്രികാല ജോലികൾക്ക് നിയോഗിക്കുമ്പോൾ തൊഴിലുടമ ഏർപ്പെടുത്തേണ്ട ക്രമീകരണങ്ങൾ സംബന്ധിച്ച് നിർദ്ദേശം

നൽകിയിട്ടുണ്ടെന്നും ' ആസാദി കാ അമൃത് മഹോത്സവ് പരിപാടിയുമായി ബന്ധപ്പെട്ട് സ്ത്രീ ജീവനക്കാരുടെ അവകാശങ്ങളെക്കുറിച്ച് ബോധവത്ക്കരിക്കുന്നതിന് ജില്ലകൾതോറും പ്രചാരണം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും വ്യക്തമാക്കി. സംസ്ഥാനത്തെ സ്വകാര്യ/ അൺ എയ്ഡഡ് സ്കൂളുകളിലെയും സ്വാശ്രയ കോളേജുകളിലെയും സ്ത്രീ ജീവനക്കാരുടെ പ്രസവാവധി 26 ആഴ്ചയായി ഉയർത്തിയിട്ടുണ്ടെന്നും തൊഴിലിടങ്ങളിലെ സ്ത്രീസുരക്ഷ സംബന്ധിച്ച് 2013-ലെ കേന്ദ്ര നിയമപ്രകാരമുള്ള ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോയെന്നത് പരിശോധനാവിധേയമാക്കുന്നുണ്ടെന്നും ഗാർഹികമേഖലയിൽ പണിയെടുക്കുന്നവർക്ക് മാന്യമായ ശമ്പളവും മറ്റ് സൗകര്യങ്ങളും ഉറപ്പുവരുത്തുന്നതിനെക്കുറിച്ച് ആലോചിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

41(*393) <u>തൊഴിലില്ലായ്മ പരിഹരിക്കാൻ നടപടി</u>

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, നാഷണൽ എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തരം സ്വയംതൊഴിൽ പദ്ധതികളായ ശരണ്യ, കെസ്റു, കൈവല്യ, മൾട്ടിപർപ്പസ് ജോബ് ക്ലബ്ബുകൾ, നവജീവൻ എന്നിവ നടപ്പിലാക്കുന്നതുവഴിയും സംസ്ഥാന

തൊഴിൽ വകുപ്പിന് കീഴിലുള്ള 'ഒഡെപെക്'-ന്റെ സഹായത്തോടെയും തൊഴിലില്ലായ്മ പരിഹരിക്കാൻ ഒരു പരിധിവരെ കഴിഞ്ഞിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പ്രധാനമന്ത്രി കൗശൽ വികാസ് യോജന (PMKVY), കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് എന്നിവ മുഖേന നിരവധിയാളുകൾക്ക് തൊഴിൽ പരിശീലനവും വിദേശത്തും സ്വദേശത്തുമായി തൊഴിലും ലഭ്യമാക്കിയിട്ടുണ്ട്. സ്റ്റേറ്റ് ജോബ് പോർട്ടൽവഴി 3389 ഉദ്യോഗാർത്ഥികൾക്കും 20 ലക്ഷം പേർക്ക് ഡിജിറ്റൽ പ്ലാറ്റ്ഫോം വഴി തൊഴിൽ കൊടുക്കുന്ന പദ്ധതിപ്രകാരം 2530 പേർക്കും സങ്കൽപ്പ് പദ്ധതിയുടെ ഇൻക്ലൂഷൻ കംപോണന്റ് മുഖേന 25 വിദ്യാർത്ഥികൾക്കും ഇതിനോടകം തൊഴിൽ നൽകിയിട്ടുണ്ടെന്നും ജില്ലാ ആസ്ഥാനങ്ങളിൽ എംപ്ലോയബിലിറ്റി സെന്ററുകളും ഗ്രാമീണ മേഖലകളിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകളും ആരംഭിക്കുകയും തൊഴിൽമേളകൾ സംഘടിപ്പിക്കുകയും ചെയ്തുവഴി സ്വകാര്യ മേഖലയിൽ നിരവധി തൊഴിലവസരങ്ങളുണ്ടാക്കാൻ കഴിഞ്ഞുവെന്നും വ്യക്തമാക്കി. നോർക്ക വകുപ്പ് നടപ്പിലാക്കുന്ന "പ്രവാസി കേരളീയരുടെ പുനരധിവാസം, പുനരേകീകരണം, ഏകോപനം" എന്ന പദ്ധതി വഴി ജോലി നഷ്ടപ്പെട്ട പ്രവാസികൾക്ക് പുതിയ തൊഴിൽ നൽകുന്നതിനും മറ്റു രാജ്യങ്ങളിലേയ്ക്ക്

കുടിയേറുന്നതിനും അവസരങ്ങളൊരുക്കുകയും സ്റ്റാർട്ടപ്പുകൾ, സംരംഭങ്ങൾ മുതലായവ തുടങ്ങാൻ സഹായിക്കുകയും തൊഴിൽ വൈദഗ്ധ്യം നേടുന്നതിന് പരിശീലനം നൽകുകയും ചെയ്യുന്നുണ്ടെന്നും നോർക്ക റൂട്ട്സിൽ 4 സ്വയംതൊഴിൽ പദ്ധതികൾ നിലവിലുണ്ടെന്നും 2021-22 സാമ്പത്തിക വർഷത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 5725 പേർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ലോൺ അനുവദിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.